بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 28.12.18 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

28.12.18 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

### നബി (സ) തിരുമേനിയുടെ ഉന്നതസ്ഥാനീയരായ ബദരീ സഹാബാക്കളുടെ വിശ്വാസം തുളുമ്പുന്ന സംഭവങ്ങളുടെ ഹൃദ്യവും മനോജ്ഞവുമായ വിവരണം.

اَشۡهَدُ اَنۡ لَّآ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَ اَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ-اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ- بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ-

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ۙ﴿۱﴾ الرَّحۡمٰنِ الرَّحِیۡمِ ۙ﴿۲﴾ مٰلِکِ یَوۡمِ الدِّیۡنِ ؕ﴿۳﴾ اِیَّاکَ نَعۡبُدُ وَ اِیَّاکَ نَسۡتَعِیۡنُ ؕ﴿۴﴾

اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ۙ﴿۵﴾ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَ لَا الضَّآلِّیۡنَ ﴿۷﴾

തശഹുദും തഅവുദും സൂറ: ഫാത്തിഹയും ഓതിയതിനും ശേഷം ഹുസൂർ തിരുമനസ്സ് പറയുകയുണ്ടായി:

ഇന്ന് ഞാൻ വിവരിക്കുന്ന ബദരീ സഹാബാക്കളിലെ ആദ്യത്തെ സഹാബിയുടെ പേര് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അറബീഅ് അൻസാരി ആണ്. രണ്ടാം ബൈഅത്തെ ഉഖ്ബാ ഉടമ്പടിയിൽ അദ്ദേഹം പങ്കെടുത്തിരുന്നു. ബദർ, ഉഹദ്, മുഅത്താ എന്നീ യുദ്ധങ്ങളിൽ പങ്കെടുക്കാൻ അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചു. മുഅത്താ യുദ്ധത്തിലാണ് അദ്ദേഹം ശഹാദത്ത് വരിച്ചത്.

രണ്ടാമത്തെ സഹാബിയാണ് ഹദ്റത്ത് അതീയ്യ ബിൻ നുവയ്റ. ഇദ്ദേഹം ബദർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ഇദ്ദേഹത്തെ സംബന്ധിച്ച് ഇത്രമാത്രം വിവരണമേയുള്ളൂ.

ഇനി ഹദ്റത്ത് സഹൽ ബിൻ ഖൈസ് ആണ്. പ്രശസ്ത കവി ഹദ്റത്ത് കഅബ് ബിൻ മാലിക്കിന്റെ പിതൃവ്യസഹോദരണ് അദ്ദേഹം. സഹൽ ബദർ, ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ഉഹ്ദ് യുദ്ധത്തിൽ ശഹീദായി. നബി (സ) തിരുമേനി എല്ലാവർഷവും ഉഹ്ദിലെ ശുഹദാക്കളുടെ ഖബറുകൾ സന്ദർശിക്കുന്നതിനായി പോകാറുണ്ടായിരുന്നു. നബി (സ) പറയാറുണ്ടായിരുന്നു: ഒരു പക്ഷേ ഞാനും ഈ പർവ്വതവാസികളോടൊപ്പം ഉൾപ്പെട്ടിരുന്നുവെങ്കിൽ, അതായത് എനിക്കും ആ ദിവസം ശഹാദത്ത് ലഭിച്ചെങ്കിൽ എത്ര നന്നായിരുന്നു!

ഒരിക്കൽ നബി (സ) തിരുമേനി ഹദ്റത്ത് മുസഅബ് ബിൻ ഉമൈറിന്റെ ഖബറിനടുത്ത് കൂടി യാത്ര പോകുമ്പോൾ അവിടെ ഇറങ്ങി ദുആ ചെയ്ത് ഈ ആയത്ത് പാരായണം ചെയ്തു.

مِنَ الۡمُؤۡمِنِیۡنَ رِجَالٌ صَدَقُوۡا مَا عَاہَدُوا اللّٰہَ عَلَیۡہِ ۚ فَمِنۡہُمۡ مَّنۡ قَضٰی نَحۡبَہٗ وَ مِنۡہُمۡ مَّنۡ یَّنۡتَظِرُ ۫ۖ وَ مَا بَدَّلُوۡا تَبۡدِیۡلًا ﴿ۙ۲۴﴾

(അൽ അഹ്സാബ്: 24)

അതായത്, അല്ലാഹുവുമായി ചെയ്ത കരാർ പാലിച്ച ചിലയാളുകൾ ആ സത്യവിശ്വാസികളിലുണ്ട്. അങ്ങനെ (ജീവനർപ്പിച്ച്) അവരിൽചിലർ തങ്ങളുടെ പ്രതിജ്ഞ പൂർത്തീയാക്കിയിരിക്കുന്നു. അവരിൽ (മറ്റ്) ചിലർ (അതിനായി) അവസരം പാർത്തിരിക്കുകയുമാണ്. അവർ (തങ്ങളുടെ നിലപാടിൽ) ഒരു മാറ്റവും വരുത്തിയിട്ടുമില്ല.

ശേഷം അവിടുന്ന് പറഞ്ഞു: അന്ത്യദിനത്തിൽ അല്ലാഹുവിന്റെ മുന്നിൽ ഇവർ ശുഹദാക്കളായിക്കുമെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. നിങ്ങൾ ഇവരുടെ അടുക്കൽ വരുകയും ഇവരെ സന്ദർശിക്കുകയും ഇവർക്ക് സലാം എത്തിക്കുകയും ചെയ്യുക. എന്റെ ജീവൻ ആരുടെ കൈകളിലാണോ ആ അസ്തിത്വത്തെ കൊണ്ട് സത്യം! ഖിയാമത് നാൾ വരെ ആരെല്ലാം ഇവർക്ക് സലാം എത്തിക്കുന്നുവോ, ഇവർ അതിനെല്ലാം തിരിച്ചും സലാം ചെയ്യുന്നതാണ്

നബി(സ) തിരുമേനിയുടെ സഹാബാക്കൾ ഇവിടെ വരുകയും അവർക്ക് വേണ്ടി ദുആ ചെയ്യുകയും അവർക്ക് സലാം എത്തിക്കുകയുംചെയ്തിരുന്നു. ഹദ്റത്ത് സഹൽ ബിൻ ഖൈസിന്റെ സഹോദരിമാർ ഹദ്റത്ത് സഖ്തയും ഹദ്റത്ത് ഉമ്റയും നബി (സ) തിരുമേനിയിൽ വിശ്വസിക്കുകയും അങ്ങയിൽ ബൈഅത്ത് ചെയ്തു കൊണ്ട് അനുഗ്രഹം കരസ്ഥമാക്കുകയും ചെയ്തിരുന്നു.

അടുത്ത സഹാബി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഹുമൈർ അൽ അശ്ജഈ ആണ്. അദ്ദേഹം തന്റെ സഹോദരനായ ഹദ്റത്ത് ഖാരിജയോടൊപ്പം ബദർ യുദ്ധത്തിൽ പങ്കെടുത്തു. ഉഹ്ദ് യുദ്ധത്തിലും അദ്ദേഹം പങ്കെടുത്തിരുന്നു. ഉഹ്ദ് യുദ്ധത്തിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജുബൈരിനോടൊപ്പം മലയിടുക്കിൽ ഉറച്ച് നിന്ന ചില സഹാബാക്കളിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഹുമൈറും ഉൾപ്പെടുന്നു. മറ്റ് സഹാബാക്കൾ വിജയദൃശ്യം കണ്ടതിനുശേഷം മുസ്ലിങ്ങളുടെ ബാക്കി ജമാഅത്തിനോടൊപ്പം ചേരാൻ താഴെ ഇറങ്ങാൻ തുടങ്ങിയപ്പോൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമൈർ അവരെ ഉപദേശിക്കുവാനായി എഴുന്നേറ്റ് നിന്നു. അദ്ദേഹം ആദ്യം അല്ലാഹുവിനെ സ്തുതിച്ചു. പിന്നെ അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുന്നതിനെ കുറിച്ച് ഉപദേശം നല്കി. എന്നാൽ അവർ അദ്ദേഹത്തിന്റെ വാക്കുകൾ അംഗീകരിച്ചില്ല. അവിടെ നിന്ന് പോയി കളഞ്ഞു. അങ്ങനെ മലയിടുക്കിൽ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജുബൈരിനോടൊപ്പം പത്ത്

സഹാബാക്കളായിരുന്നു അവശേഷിച്ചത്. ഈ സമയത്തിനുള്ളിൽ ഖാലിദ് ബിൻ വലീദും ഇക്രിമ ബിൻ അബൂജഹലും മലയിടുക്ക് ശൂന്യമായത് കണ്ട് അവിടെ ബാക്കി ഉണ്ടായിരുന്ന സഹാബത്തിന്റെമേൽ ആക്രമണം അഴിച്ചുവിട്ടു. ഈ ചെറുസംഘം ശത്രുക്കളുടെമേൽ അമ്പുകൾ വർഷിച്ചു. ഈ സമയംകൊണ്ട് അവരും(ശത്രുക്കൾ) ഇവരുടെ അടുത്തെത്തി, നിമിഷനേരംകൊണ്ട് ഇവരെ(സഹാബാക്കളെ) ശഹീദാക്കുകയുണ്ടായി.

ഇതിന്റെ കൂടുതൽ വിശദാംശങ്ങൾ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് സീറത്ത് ഖാത്തമുന്നബീനിൽ എഴുതിയിരിക്കുന്നു: ഉഹ്ദ് സംഭവത്തിൽ നബി(സ)തിരുമേനി ദൈവികസഹായത്തിൽ പ്രതീക്ഷ അർപ്പിച്ചുകൊണ്ട് മുന്നോട്ടു നീങ്ങി. ഉഹ്ദിന്റെ താഴ്‌വരയിൽ സൈനികതാവളം ഏർപ്പെടുത്തി. അതിൽ ഉഹദ് പർവ്വതം സൈന്യത്തിന് പുറകിലും മദീന അങ്ങനെ അവരുടെ മുന്നിലും വരുന്ന വിധത്തിലായിരുന്നു ഈ ക്രമീകരണം. ഇവ്വിധം അവിടുന്ന് സൈന്യത്തിന്റെ പിൻഭാഗം സുരക്ഷിതമാക്കി. എന്നാൽ പിന്നിലെ മലയിൽ ഒരു അടിവാരമുണ്ടായിരുന്നു. അവിടെ നിന്ന് അക്രമസാധ്യത ഉള്ളതിനാൽ അതിന്റെ സുരക്ഷയ്ക്ക് അവിടുന്ന് സജ്ജീകരിച്ച സംവിധാനമെന്നത് അബ്ദുല്ലാഹ് ബിൻ ജുബൈറിന്റെ നേതൃത്വത്തിൽ അമ്പത് വില്ലാളികളായ സഹാബാക്കളെ അവിടെ നിയോഗിച്ചുവെന്നതാണ്. എന്ത് തന്നെ സംഭവിച്ചാലും ആ സ്ഥലം ഉപേക്ഷിക്കരുതെന്നും ശത്രുക്കളുടെമേൽ ശരവർഷം നടത്തികൊണ്ടിരിക്കുകയെന്നും അവർക്ക് കർശന നിർദേശം നല്കി. ആ അടിവാരത്തിന്റെ സുരക്ഷ അവിടുന്ന് എത്രമാത്രം ഗൗരവത്തോടെ കണ്ടിരുന്നുവെന്നാൽ അബ്ദുല്ലാഹ് ബിൻ ജുബൈറിനോട് അവിടുന്ന് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞു: ശ്രദ്ധിക്കുക, ഈ അടിവാരം ഒരവസ്ഥയിലും ശൂന്യമായി കാണാൻ പാടില്ല. ഏതുവരെയെന്നാൽ, നമുക്ക് വിജയം ലഭിക്കുകയും ശത്രുക്കൾ പരാജയപ്പെട്ട് പിൻവാങ്ങിയാലും ശരി, നിങ്ങൾ ഇവിടംവിട്ട് പോകരുത്. ഇനി മുസ്‌ലിംങ്ങൾ പരാജയപ്പെടുകയും ശത്രുക്കൾ നമ്മുടെ മേൽ ആധിപത്യം നേടിയാലും, ശരി ഈ സ്ഥലത്ത് നിന്ന് പിന്തിരിയാൻ പാടില്ല.

ഒരു നിവേദനത്തിൽ ഈ വാക്കുകളും വന്നിരിക്കുന്നു: പക്ഷികൾ ഞങ്ങളുടെ മാംസം കൊത്തി വലിക്കുന്നത് കണ്ടാൽ പോലും ഇവിടെനിന്ന് മാറാൻ നിങ്ങൾക്ക് കല്പന ലഭിക്കുന്നത് വരെ നിങ്ങൾ ഇവിടെ നിന്ന് വിട്ട് പോകരുത്.

തന്റെ സൈന്യത്തിന്റെ പിൻവശം പൂർണമായ നിലയിൽ ശക്തമാക്കിയതിന് ശേഷം അവിടുന്ന് ഇസ്‌ലാമിക സൈന്യത്തെ അണിനിരത്തി. വിവിധ ചെറുസൈന്യങ്ങൾക്ക് വ്യത്യസ്ത സ്ഥലങ്ങളിലായി അമീർമാരെയും നിശ്ചയിച്ചു. അബ്ദുല്ലാഹ് ബിൻ ജുബൈറിന്റെകൂട്ടാളികൾ വിജയം ലഭിച്ചത് കണ്ടപ്പോൾ, അവർ തങ്ങളുടെ നേതാവായ അബ്ദുല്ലായോടായി പറഞ്ഞു: ഇപ്പോൾ വിജയം ലഭിച്ചിരിക്കുന്നു. മുസ്‌ലിംങ്ങൾ യുദ്ധമുതൽ സ്വരുക്കൂട്ടുകയാണ്. അതുകൊണ്ട് ഞങ്ങൾക്കും സേനയോടൊപ്പം ചേരാൻ അനുവാദം നല്കിയാലും. അബ്ദുല്ലാഹ് അവരെ തടഞ്ഞു. നബി(സ)തിരുമേനിയുടെ കർശന നിർദ്ദേശം അവരെ ഓർമ്മപ്പെടുത്തി. എന്നാൽ അവർ വിജയാഘോഷത്തിൽ മതിമറന്നിരുന്നു. അതിനാൽ അവർ അത് അനുസരിച്ചില്ല. റസൂൽ (സ) തിരുമേനി പൂർണ സമാധാനം ഉണ്ടാകുന്നത് വരെ അടിവാരം ഉപേക്ഷിക്കാൻ പാടില്ല എന്നത് മാത്രമാണ് ഉദ്ദേശിച്ച്തെന്നും ഇപ്പോൾ വിജയം ലഭിച്ചിരിക്കുന്നു അതുകൊണ്ട് ഇവിടുന്ന് പോകുന്നതിൽ യാതൊരു തെറ്റുമില്ലയെന്നും പറഞ്ഞ് അവർ താഴേക്ക് ഇറങ്ങി. അങ്ങനെ അബ്ദുല്ലാഹ് ബിൻ ജുബൈറിനോടൊപ്പം അഞ്ചോ ഏഴോ ആളുകളല്ലാതെ മറ്റാരും തന്നെ ആ മലയിടുക്ക് സംരക്ഷിക്കാൻ അവിടെ ഉണ്ടായിരുന്നില്ല. ഖാലിദ് ബിൻ വലീദിന്റെ തീഷ്ണ നേത്രങ്ങൾ വിദൂരത്ത് നിന്ന് അടിവാരം നോക്കിയപ്പോൾ ആ മൈതാനം ശൂന്യമായി കണ്ടു. അദ്ദേഹം തന്റെ സവാരികളെ വേഗത്തിൽ ഒരുമിച്ച് കൂട്ടി അടിവാരം ലക്ഷ്യമാക്കി കുതിച്ചു. അതിന് പിന്നാലെ ഇക്രിമ ബിൻ അബൂജഹലും വന്നു. ഈ രണ്ട് സേനയും അബ്ദുല്ലാഹ് ബിൻ ജുബൈരിനെയും അദ്ദേഹത്തിന്റെകൂടെയുള്ളവരെയും ഒരു നിമിഷംകൊണ്ട് ശഹീദാക്കി, അങ്ങനെ ഇസ്‌ലാമികസൈന്യത്തിന്റെ പിൻഭാഗത്ത് കൂടി പെട്ടെന്ന് കടന്നാക്രമിച്ചു.

അടുത്തത് ഹദ്റത്ത് ഉബൈദ് ബിൻ ഔസ് അൻസാരിയെ കുറിച്ചാണ്. ഹദ്റത്ത് ഉബൈദ് ബിൻ ഔസ് ബദർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. അദ്ദേഹം ബദർ യുദ്ധത്തിൽ ഹദ്റത്ത് അഖീൽ ബിൻ അബൂത്വാലിബിനെ തടവുകാരനായി പിടിച്ചിരുന്നു. അതുപോലെ ഹദ്റത്ത് അബ്ബാസിനെയും ഹദ്റത്ത് നൗഫലിനെയും അദ്ദേഹമാണ് പിടിച്ചത്. അങ്ങനെ അവരെമൂന്ന് പേരെയും കയറുകൊണ്ട് കെട്ടി റസൂൽ (സ) തിരുമേനിയുടെ സമീപത്ത് ഹാജരാക്കിയപ്പോൾ നബി (സ) തിരുമേനി പറഞ്ഞു: *ലഖദ് അആനക അലൈഹിം മലക്കുൻ കരീമുൻ.* തീർച്ചയായും ഈ കാര്യത്തിൽ ഒരു വിശിഷ്ടനായ മലക്ക് നിന്നെ സഹായിച്ചിരിക്കുന്നു. ഇത് കാരണം നബി (സ) തിരുമേനി അദ്ദേഹത്തിന് മുഖർ എന്ന സ്ഥാനപേര് നല്കി ആദരിച്ചു. അതായത് ചങ്ങലയിൽ ബന്ധിക്കുന്നവൻ.

ഇനിയുള്ള വിവരണം ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജുബൈറിനെ കുറിച്ചാണ്. അദ്ദേഹത്തെ കുറിച്ച് ഇപ്പോൾപറഞ്ഞിരുന്നു. രണ്ടാം ബൈഅത്തെ ഉഖ്ബയിൽ പങ്കെടുത്ത 70 അൻസാർ (സഹോദരങ്ങളിൽ) അദ്ദേഹവും ഉൾപ്പെടുന്നു. അദ്ദേഹം ബദർ, ഉഹ്ദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ഉഹ്ദ് യുദ്ധത്തിലാണ് ശഹാദത്ത് വരിച്ചത്. ഹദ്റത്ത് അബുൽ ആസ്, നബി(സ)തിരുമേനിയുടെ മകൾ ഹദ്റത്ത് സൈനബിന്റെ ഭർത്താവായിരുന്നു. ബദർ യുദ്ധത്തിൽ

ബഹുദൈവ വിശ്വാസികളുടെ ഭാഗത്ത് നിന്ന് പങ്കെടുത്തു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജുബൈർ അദ്ദേഹത്തെ തടവുകനായി പിടിച്ചു. ആ സമയത്ത് മക്കയിലായിരുന്ന അദ്ദേഹത്തിന്റെ ഭാര്യ അതായത് നബി (സ) തിരുമേനിയുടെ മകൾ സൈനബ് മോചനദ്രവ്യമായി കുറച്ച് സാധങ്ങൾ അയച്ചു. അതിൽ ഒരു മാല ഉണ്ടായിരുന്നു. ഈ മാല ഹദ്റത്ത് ഖദീജ വിവാഹസമ്മാനമായി തന്റെ മകൾക്ക് നല്കിയതായിരുന്നു. ആ മാല കണ്ടയുടൻ മരണപ്പെട്ട ഖദീജയെ കുറിച്ചുള്ള ഒർമ്മകൾ അങ്ങയിൽ നവീകരിക്കപ്പെട്ടു. അങ്ങയുടെ നേത്രങ്ങൾ ഈറനണിഞ്ഞു. അവിടുന്ന സഹാബാക്കളോടായി പറഞ്ഞു: നിങ്ങൾക്ക് സമ്മതമെങ്കിൽ സൈനബിന്റെ ധനം നിങ്ങൾ തിരികെ നല്കുക. സഹാബാക്കൾക്ക് സൂചന തന്നെ മതിയായിരുന്നു. ഉടൻ തന്നെ സൈനബിന്റെ ധനം തിരികെ നല്കി. നബി(സ)തിരുമേനി മോചനദ്രവ്യം പണമായി വാങ്ങുന്നതിന് പകരമായി മക്കയിൽ പോയി സൈനബിനെ മദീനയിലേയ്ക്ക് അയക്കുന്നതിനുള്ള നിബന്ധന വെച്ചു. അങ്ങനെ ഒരു സത്യ വിശ്വാസിയായ ആത്മാവ് അവിശ്വാസത്തിന്റെ ഭവനത്തിൽ നിന്ന് മോചിപ്പിക്കപ്പെട്ടു. കുറച്ച് കാലത്തിന് ശേഷം അബുൽ ആസ് മുസ്ലിമായി കൊണ്ട് മദീനയിലേയ്ക്ക് ഹിജറത്ത് ചെയ്തു. ഇപ്രകാരം ഭാര്യയും ഭർത്താവും വീണ്ടും ഒന്നിച്ചു.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)വും ഉഹ്ദ് യുദ്ധസംഭവത്തിൽ വെളിച്ചം വീശിയിട്ടുണ്ട്. അദ്ദേഹം പറയുന്നു: നബി (സ) തിരുമേനിക്കു ചുറ്റുമുണ്ടായിരുന്ന സഹാബാക്കൾ അവിശ്വാസികളുടെ മുന്നോട്ടുള്ള കുതിപ്പ് കാരണത്താൽ പിന്നിലേയ്ക്ക് തള്ളപ്പെടുകയായിരുന്നു. അവിശ്വാസികൾ പിന്തിരിഞ്ഞതോടെ അവർ വീണ്ടും റസൂൽ(സ)തിരുമേനിക്കു ചുറ്റും ഒരുമിച്ച് കൂടി. അങ്ങയുടെ പരിശുദ്ധദേഹം അവർ വഹിച്ചു കൊണ്ടിരുന്നു. കുറച്ച് സമയ ങ്ങൾക്ക് ശേഷം റസൂൽ(സ)തിരുമേനിക്ക് ബോധം വന്നു. സഹാബാക്കൾ മൈതാനത്തിന്റെ നാലുവശത്തേക്കും ആളുകളെ അയച്ചു. അങ്ങനെ മുസ്ലിംങ്ങൾ വീണ്ടും ഒരുമിച്ച് കൂടി. വിരണ്ടോടിയ(മുസ്ലിം)സേന വീണ്ടും ഒരുമിച്ച് ചേരാൻ തുടങ്ങി. റസൂൽ(സ)തിരുമേനി അവരെയും കൊണ്ട് പർവ്വതതാഴ്വരയിലേക്ക് പോയി. ആ ബാക്കിയായ സേന കുന്നിൻ ചെരിവിൽ നിൽക്കുമ്പോൾ (താഴെ)അബൂ സുഫിയാൻ വലിയ ശബ്ദത്തിൽ വിളംബരം ചെയ്തുകൊണ്ട് പറഞ്ഞു, ഞങ്ങൾ മുഹമ്മദി(സ)നെ വധിച്ചിരിക്കുന്നു. റസൂൽ (സ) തിരുമേനി അബൂസുഫിയാന്റെ വാക്കുകൾക്ക് മറുപടി നല്കിയില്ല. ശത്രുകൾ യഥാർത്ഥ അവസ്ഥ അറിഞ്ഞ് ആക്രമിക്കാതിരിക്കാനായിരുന്നു അങ്ങനെ ചെയ്തത്.

മുസ്ലിംകൾ ബലഹീനമായ അവസ്ഥയിലായിരുന്നു. അയാൾ ഹദ്റത്ത് അബൂബക്കറിന്റെയും ഹദ്റത്ത് ഉമറിന്റെയും പേരുകൾ എടുത്ത് കൊണ്ട് അവരെ ഞങ്ങൾ വധിച്ചിരിക്കുന്നു എന്ന് പറഞ്ഞു. എന്നാൽ മറുപടി നല്കരുതെന്ന് അവിടുന്ന് വിലക്കി. അതിൽ അബൂസുഫിയാനും അയാളുടെ കൂട്ടാളികളും ആഹ്ലാദിച്ച്കൊണ്ട് മുദ്രവാക്യം മുഴക്കി. ഉഅ്ലു ഹുബുൽ. ഞങ്ങളുടെ ആദരണീയ വിഗ്രഹത്തിന്റെ മഹത്വം ഉന്നതമാകുന്നു. ഇന്ന് അത് ഇസ്ലാമിനെ അവസാനിപ്പിച്ചിരിക്കുന്നു. നബി (സ) അങ്ങേയറ്റം കോപാവേശത്തോടെ സഹാബാക്കളോട് പറഞ്ഞു: നിങ്ങൾ എന്ത് കൊണ്ട് മറുപടി നല്കുന്നില്ല. സഹാബാക്കൾ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ഞങ്ങൾ എന്താണ് പറയേണ്ടത്? പറഞ്ഞു, നിങ്ങൾ പറയുക, *അല്ലാഹു അഅ്ലാ വ അജൽ, അല്ലാഹു അഅ്ലാ വ അജൽ.* അതായത്,ഹുബലിന്റെ മഹത്വം ഉന്നതമാണെന്ന് നിങ്ങൾ പറയുന്നത് കളവാണ്. ആരാധനയക്ക് അർഹനായ അല്ലാഹുവാണ് ഏറ്റവും ശ്രേഷ്ഠൻ. അവന്റെ മഹത്വമാണ് ഉന്നതമായിട്ടുള്ളത്. ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ഈ ആയത്ത്, *ഫൽയഹ്ദറല്ലദീന യുഹാലിഫൂന അൻഅംറിഹീ അൻ തുസ്വീബഹും ഫിത്നത്തുൻ അവ് യുസ്വീബഹും അദാബുൻ അലീം* എന്നതിന്റെ വിശദീകരണത്തിൽ പറയുന്നു:

അതായത് റസൂലിന്റെ കല്പന നിഷേധിക്കുന്നവർ അല്ലാഹുവിൽ നിന്ന് വല്ല ആപത്തും വന്നു ഭവിക്കുമെന്നതിലും അല്ലെങ്കിൽ വല്ല ഭയാനക ശിക്ഷയിൽ ഉൾപ്പെട്ട് പോകുമെന്നതിലും ഭയപ്പെടേണ്ടതാണ്. ഉഹദ് യുദ്ധത്തിൽ ആ കല്പന നിഷേധിച്ച കാരണത്താൽ ഇസ്ലാമിക സൈന്യത്തിന് എത്ര വലിയ നഷ്ടമാണ് ഉണ്ടായതെന്ന് നോക്കുക. നബി(സ)തിരുമേനി ഒരു മലയിടുക്ക് സുരക്ഷിതമാക്കി വെക്കുന്നതിനായി അമ്പത് സൈനികരെ നിയോഗിച്ചു. ഈ അടിവാരം എത്രമാത്രം പ്രാധാന്യം അർഹിച്ചിരുന്നുവെന്നാൽ അവിടുന്ന് അവരുടെ നേതാവ്, അബ്ദുല്ലാഹ് ബിൻ ജുബൈർ അൻസാരിയെ വിളിച്ച് പറഞ്ഞു: ഞങ്ങൾ വിജയിച്ചാലും പരാജയപ്പെട്ടാലും നിങ്ങൾ ആ കുന്നിൻചെരിവിനെ ഉപേക്ഷിക്കരുത്. എന്നാൽ വിജയം ലഭിച്ച് കഴിഞ്ഞപ്പോൾ ആ മലയിടുക്കിൽ ഉണ്ടായിരുന്ന സൈനികർ, അവരുടെ നേതാവിനോട് പറഞ്ഞു: വിജയം ലഭിച്ച് കഴിഞ്ഞു. അതുകൊണ്ട് ഇവിടെ നിൽക്കുന്നത് ഇനി നിഷ്പ്രയോജനമാണ്. ഞങ്ങൾക്കും ജിഹാദിൽ പങ്കെടുത്ത് പ്രതിഫലം നേടാൻ അനുവാദം നല്കിയാലും. അവരുടെ നേതാവ് അവർക്ക് മനസിലാക്കി കൊടുത്തു, നോക്കുക! റസൂൽ കരീം(സ)തിരുമേനിയുടെ കല്പനയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കരുത്. എന്നാൽ റസൂലിന്റെ കല്പനയ്ക്ക് മുകളിൽ അവരുടെ ചിന്താഗതിക്ക് പ്രാധാന്യം നല്കി കൊണ്ട് അവർ ആ മലയിടുക്ക് ഉപേക്ഷിച്ചു. അവിശ്വാസികളുടെ തലവൻ ഖാലിദ് ബിൻ വലീദ് പിന്നിലേക്ക് തിരിഞ്ഞ് നോക്കുമ്പോൾ ആ അടിവാരം ശൂന്യമായി കിടക്കുന്നത് കണ്ടു. അദ്ദേഹം വിരണ്ടോടിയ തന്റെ അണികളെ ഒരുമിച്ച് കൂട്ടി. അങ്ങനെ ഇസ്ലാമികസൈ

ന്യത്തിന്റെ കരങ്ങൾ വിഛേദിച്ച് കൊണ്ട് പർവ്വത മുകളിലേയ്ക്ക് കയറി. അവിടെ ഉണ്ടായിരുന്ന കുറച്ച് മുസ്‌ലിംകളെ തുണ്ടം തുണ്ടമാക്കി. പിന്നെ ഇസ്‌ലാമിക സൈന്യത്തിന്റെ പുറകിലൂടെ ആക്രമിച്ചു. അവിശ്വാസികളുടെ ഈ മുന്നേറ്റം അപ്രതീക്ഷിതമായതിനാൽ വിജയാഘോഷത്താൽ അവിടിവിടെ ആയിരുന്ന മുസ്‌ലിംകൾക്ക് പാദങ്ങൾ ഉറപ്പിക്കാൻ (ഒരുമിച്ച് കൂടാൻ) സാധിച്ചില്ല. കുറച്ച് സഹാബാക്കൾ മാത്രം ഓടിച്ചെന്ന് നബി(സ)തിരുമേനിയുടെ അരികിൽ എത്തിചേർന്നു. അവരുടെ എണ്ണം ഇരുപതിൽ കൂടുതൽ ഉണ്ടായിരുന്നില്ല. എന്നാൽ ഈ കുറച്ച്പേർക്ക് എത്രസമയം ശത്രുക്കളോട് പൊരുതാൻ സാധിക്കും. അവസാനം അവിശ്വസികളുടെ ശക്തമായ മുന്നേറ്റം കാരണം മുസ്‌ലിംസേന പിന്നിലേക്ക് തള്ളപ്പെട്ടു. കൂടാതെ നബി (സ) യുദ്ധഭൂമിയിൽ ഏകനായി തീർന്നു. ആ അവസ്ഥയിൽ അങ്ങയുടെ പടത്തൊപ്പിയിൽ ഒരു കല്ല് വന്ന് പതിച്ചു. അതുകാരണം പടത്തൊപ്പിയിലെ ഒരു ആണി അങ്ങയുടെ തലയിൽതറച്ചു കയറി. അവിടുന്ന് ബോധരഹിതനായി കുഴിയിലേക്ക് പതിച്ചു. പിന്നീട് ഒരു സഹാബി, ആ ആണി പുറത്ത് എടുത്തു. അദ്ദേഹത്തിന്റെ(സഹാബിയുടെ) പല്ലുകളും അതുമൂലം അടർന്ന് പോയി.

ഹുസൂർ പറയുന്നു: ഇവിടെ അഹ്മദികൾക്കും ഒരു പാഠമുണ്ട്. ഒരു മുന്നറിയിപ്പാണ്. മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചതിന് ശേഷം പരിപൂർണ്ണ അനുസരണമാണ് വിജയങ്ങൾക്കും നേട്ടങ്ങൾക്കും ജാമ്യം. അതുകൊണ്ട് എല്ലാവരും അവരുടെ അവസ്ഥകൾ (അഥവ) അനുസരണത്തിന്റെ നിലവാരം എത്രവരെയെന്ന് പരിശോധിക്കുകയെന്നതാണ് ആവശ്യം. പറയുന്നു: അല്ലാഹു ഏതുപോലെ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജുബൈറിനും അദ്ദേഹത്തിന്റെ (ബാക്കിയായ) കൂട്ടാളികൾക്കും ആത്മാർത്ഥയോട്കൂടി കല്പനയുടെ ആത്മാവ് മനസിലാക്കാൻ സാധിച്ചുവോ, അതിനുള്ള തൗഫീഖ് നമ്മുക്കും നല്കുമാറാകട്ടെ. അല്ലാഹു നമ്മളെയും ഇവ്വിധം കല്പനങ്ങൾ മനസിലാക്കുന്നവരും പരിപൂർണമായി അനുസരിക്കുന്നവരും ആക്കിത്തീർക്കട്ടെ. അതുപോലെ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് എപ്പോഴും അവകാശികളുമാക്കി കൊണ്ടിരിക്കട്ടെ.

ഹുസൂർ തിരുമനസ്സ് പറയുന്നു; നമസ്കാരങ്ങൾക്ക് ശേഷം ഒരു ജനാസ ഗായിബ് നിർവഹിക്കുന്നതാണ്. അത് നാദിർ ഹുസൈനി സാഹിബ് കാനഡയുടെതാണ്. ഡിസംബർ 20 ന് തന്റെ 85 മത്തെ വയസ്സിൽ വഫാത്തായി. *ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.* അദ്ദേഹം ഒരു സാത്വികനും ആത്മാർത്ഥനും ആദരണീയ വ്യക്തിയുമായിരുന്നു. അദ്ദേഹത്തിന്റെ ധനത്യാഗത്തിന്റെ നിലവാരം ഉന്നതമായിരുന്നു. അദ്ദേഹം മൂസിയായിരുന്നു. സംതപ്ത കുടുംബത്തിൽ ഭാര്യയും ഒരു മകനുമാണ് ഉള്ളത്. അവർ അഹ്മദികളല്ല. അല്ലാഹു വിയോഗിതന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ ഭാര്യക്കും മകനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബൈഅത്തിൽ വരാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. അദ്ദേഹം തന്റെ കുടുംബത്തിനായി ചെയ്ത ദുആകൾ സ്വീകരിക്കുമാറാകട്ടെ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَنَتَوَکَّلُ
عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ
یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا
اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ۔ عِبَادَ اللّٰہِ رَحِمَکُمُ
اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی
عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ
اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 28.12.18
Malayalam Translation : **Hashim Ashraf,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516